# കൊല്ലം ജില്ല കാർഷിക കാലാവസ്ഥ ബുള്ളറ്റിൻ

AAS No. 65/2022

**കാലാവസ്ഥ പ്രവചനം**

## ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റ്
## കേരള കാർഷിക സർവ്വകലാശാല
## കൃഷി വിജ്ഞാന കേന്ദ്രം കൊല്ലം

തീയ്യതി:16.08.2022

| കാലാവസ്ഥാ ഘടകങ്ങൾ | 2022 ആഗസ്റ്റ് 17 | 2022 ആഗസ്റ്റ് 18 | 2022 ആഗസ്റ്റ് 19 | 2022 ആഗസ്റ്റ് 20 | 2022 ആഗസ്റ്റ് 21 |
|---|---|---|---|---|---|
| മഴ (മില്ലി. മീറ്റർ) | 3 | 1 | 0.5 | 8 | 0.4 |
| ഉയർന്ന താപനില (ºC) | 35 | 33 | 32 | 32 | 31 |
| കുറഞ്ഞ താപനില (ºC) | 21 | 21 | 21 | 21 | 21 |
| കൂടിയ അന്തരീക്ഷ ആർദ്രത(%) | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 50 | 50 | 50 | 50 | 50 |
| കാറ്റിന്റെ വേഗത(കി.മീ/ മണിക്കൂർ) | 5 | 6 | 8 | 10 | 10 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 270 | 250 | 270 | 270 | 270 |
| മേഘ വ്യാപ്തി (ഒക്ടാ) | 4 | 6 | 6 | 6 | 6 |

## മഴ മുന്നറിയിപ്പ്

| 2022 ആഗസ്റ്റ് 16 | 2022 ആഗസ്റ്റ് 17 | 2022 ആഗസ്റ്റ് 18 | 2022 ആഗസ്റ്റ് 19 | 2022 ആഗസ്റ്റ് 20 |
|---|---|---|---|---|
| നേരിയ മഴ | നേരിയ മഴ | നേരിയ മഴ | നേരിയ മഴ | നേരിയ മഴ |

## കാലാവസ്ഥ ഉള്ളടക്കം

കഴിഞ്ഞ ആഴ്ചയിലെ കാലാവസ്ഥ റിപ്പോർട്ട് പ്രകാരം, കൊല്ലം ജില്ലയിൽ വളരെ നേരിയ തോതിലുള്ള മഴ ലഭിച്ചിട്ടുണ്ട്. ജില്ലയിൽ അനുഭവപ്പെട്ട കൂടിയ താപനില 35.8 ഡിഗ്രീ സെല്ഷ്യയസ് ആയിരുന്നു.

ഇന്ത്യ കാലാവസ്ഥ വകുപ്പിന്റെ അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം അനുസരിച്ച് കൊല്ലം ജില്ലയിൽ 2022 ആഗസ്റ്റ് 16 മുതൽ 20 വരെ നേരിയ തോതിലുള്ള മഴയ്ക്കു സാധ്യത. കൂടിയ താപനില 35 0c വരെയും കുറഞ്ഞ താപനില 21 0c വരെയും ആകാൻ സാധ്യത.

30 - മത് കാലാവസ്ഥ ആഴ്ചയുടെ (23.07.2022 to 29.07.2022) NDVI നിരീക്ഷണ ഫലപ്രകാരം ജില്ലയിലെ വിളകളുടെ ഊർജ്ജസ് സാമാന്യം ഭേദപ്പെട്ട നിലയിലാണ്. മിനിസ്ട്രി ഓഫ് ഏർത് സയൻസിന്റെയും ഐ. എം. ഡിയുടെയും SPI ഇൻഡക്സ് ഫലപ്രകാരം കഴിഞ്ഞ 2022 ജൂലൈ 14 മുതൽ 2022 ആഗസ്റ്റ് 10 വരെ ജില്ലയിൽ നേരിയ ആർദ്ര അവസ്ഥയാണ് അനുഭവപ്പെട്ടിട്ടുള്ളത്.

## പൊതുനിർദ്ദേശങ്ങൾ

- വരും ദിവസങ്ങളിൽ നേരിയ തോതിലുള്ള മഴ പ്രവചിക്കപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ വളപ്രയോഗം കീടനാശിനി പ്രയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ അനുകൂല കാലാവസ്ഥയ്ക്കനുസരിച്ച് നടത്താവുന്നതാണ്.
- മരുന്ന് തളി നടത്തുമ്പോൾ അതിരാവിലെയോ വൈകുന്നേരങ്ങളിലോ വെയിൽ താഴ്ന്നു നിൽക്കുന്ന സമയങ്ങളിൽ അനുവർത്തിക്കുവാൻ ശ്രദ്ധിക്കുക.
- വളപ്രയോഗം നടത്തിയ ശേഷം നന ഉറപ്പാക്കുകയും ചെയ്യുക.

# കാർഷികനിർദ്ദേശങ്ങൾ

## പച്ചക്കറി





- പച്ചക്കറിവിളകളിൽ വെളുത്ത നിറത്തിൽ കൂട്ടമായി ഇലകളുടെ അടിവശത്ത് കണ്ടു വരുന്ന മീലി മൂട്ടകളെ നിയന്ത്രിക്കുന്നതിനായി സോപ്പ് ലായനി തളിച്ച ശേഷം 2 % വേപ്പെണ്ണ എമൽഷൻ അല്ലെങ്കിൽ 5 മില്ലി വേപ്പെണ്ണ അധിഷ്ഠിത കീടനാശിനികൾ 1 ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിക്കുക.
- അല്ലെങ്കിൽ ലേക്കാണിസിലിയം ലാക്കാനി 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിക്കുക

## പച്ചക്കറി



- പച്ചക്കറി വിളകളിൽ മഗ്നീഷ്യത്തിന്റെ അഭാവം മൂലം മൂത്ത ഇലകളുടെ ഞരമ്പുകൾക്കിടയിൽ മഞ്ഞളിക്കുകയും ഞരമ്പുകൾ പച്ചയായിരിക്കുകയും ചെയ്യുന്നതായി കാണാം.
- ഈ പ്രശ്നം പരിഹരിക്കുന്നതിനായി 2 മുതൽ 5 ഗ്രാം മഗ്നീഷ്യം സൾഫേറ്റ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് ഇലകളിൽ തളിച്ച് കൊടുക്കാവുന്നതാണ്.
- മഗ്നീഷ്യം സൾഫേറ്റ് ഒരിക്കലും പൊട്ടാസ്യം അടങ്ങിയിട്ടുള്ള വളങ്ങളുടെ ഒപ്പം ചേർത്ത് നൽകരുത്.

## നെല്ല്



- നെല്ല് പൂക്കുന്നത് മുതൽ മൂപ്പെത്തുന്നത് വരെയുള്ള ഘട്ടങ്ങളിൽ നെല്ലിനെ ആക്രമിക്കുന്ന ഒരു കീടമാണ് ചാഴി.
- ഇവയെ പ്രതിരോധിക്കുന്നതിനായി വയലിലും വരമ്പത്തും ഉള്ളകളകൾ പൂർണമായും നശിപ്പിക്കുക.
- നെല്ലിൽ ചാഴിയുടെ ആക്രമണം ശ്രദ്ധയിൽപെടുകയാണെങ്കിൽ മത്തി ശർക്കര മിശ്രിതം 20 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത്തളിക്കാവുന്നതാണ്.
- ആക്രമണം രൂക്ഷമാകുകയാണെങ്കിൽ രാസകീടനാശിനിയായ സൈപ്പർ മെത്രിൻ 10 %EC 0.5 മില്ലി 1 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കാവുന്നതാണ്.
- ചാഴിയ്ക്കെതിരെ കീടനാശിനികൾ തളിക്കുമ്പോൾ രാവിലെ 9 മണിക്ക്മുമ്പോ വൈകിട്ട് 3 മണിക്ക് ശേഷമോ ആയിരിക്കണം അല്ലെങ്കിൽ മരുന്ന് തളി പരാഗണത്തെപ്രതികൂലമായി ബാധിക്കും.